എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 4, ലക്കം 09 | 2023 സെപ്റ്റംബർ 05



# SEEAP ആക്ഷൻപ്ലാൻ രൂപീകരണം; ശില്പശാല സംഘടിപ്പിച്ചു

**കേ**ന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി(ബി.ഇ.ഇ.)യും എനർജി മാനേജ്മെന്റ് സെന്ററും (ഇ.എം.സി.) സംയുക്തമായി കേരളത്തിനായുള്ള സ്റ്റേറ്റ് എനർജി എഫിഷ്യൻസി ആക്ഷൻ പ്ലാൻ (SEEAP) വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2023 ഓഗസ്റ്റ് 17-ന് ഇ.എം.സി.യിൽ വച്ച് ശിൽപശാല സംഘടിപ്പിച്ചു. കേരളത്തിൽ ഇതിനായി സാങ്കേതികസഹായം നൽകുന്നത് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ.) ആണ്.

കേരള സർക്കാർ വൈദ്യുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്. ശിൽപശാല ഉദ്ഘാടനം ചെയ്തു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, രജിസ്ട്രാർ ശ്രീ. സുഭാഷ് ബാബു ബി.വി., ഊർജ്ജകാര്യക്ഷമതാ വിഭാഗംമേധാവി ശ്രീ. ജോൺസൺ ഡാനിയൽ എന്നിവർ സന്നിഹിതരായിരുന്നു. സി.ഐ.ഐ. യിലെ പ്രിൻസിപ്പൽ കൗൺസിലർ ശ്രീ. മുരളീകൃഷ്ണൻ കെ., എനർജി എൻജിനീയർ കെ. മിസ്ബാഹ് പട്ടേൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. ശില്പശാലയിൽ ഊർജ്ജമേഖലയിൽ പ്രവർത്തിക്കുന്ന 40 പ്രതിനിധികൾ പങ്കെടുത്തു.

# ക്ലീൻ കുക്കിംഗ്;
## MECS വിദഗ്ദ്ധരുടെ കേരള സന്ദർശനം

**വൈ**ദ്യുത പാചകം കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന സംരംഭത്തിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുവാനായി ഇ. എം.സി, മോഡേൺ എനർജി കുക്കിംഗ് സർവീസസ് (MECS) ഏജൻസിയിലെ വിദഗ്ദ്ധരെ കേരളത്തിലേക്ക് ക്ഷണിച്ചു. കേരള സന്ദർശനത്തിന്റെ ഭാഗമായി MECS- ലെ വിദഗ്ദ്ധർ അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയ വെൺപാലവട്ടം അങ്കണവാടി സന്ദർശിക്കുകയും എം.എൽ.എ ശ്രീ. കടകംപള്ളി സുരേന്ദ്രനുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തുടർന്ന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്, നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ഡോ. ടി. എൻ. സീമ, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ എന്നിവരുമായി MECS വിദഗ്ദ്ധർ ചർച്ച നടത്തി.



MECS വിദഗ്ദ്ധർ ബഹു. കഴക്കൂട്ടം എം.എൽ.എ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ(ഇടത്), ഇ.എം.സി. ഉദ്യോഗസ്ഥർ (വലത്) എന്നിവർക്കൊപ്പം

# ഉണർവ്വ് ഊർജ്ജസംരക്ഷണ പരിപാടി

## ജപ്പാൻ കോൺസുലേറ്റ് പ്രതിനിധി ടെറാഓക മാമി പങ്കാളിയായി

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ഇ.എം.സി.യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന "ഉണർവ്വ്" ഊർജ്ജസംരക്ഷണ അവബോധ പരിപാടിയിൽ ജപ്പാൻ കോൺസുലേറ്റ് ജനറലിന്റെ കൾച്ചറൽ ആന്റ് ഇൻഫർമേഷൻ വിഭാഗം ഉപദേഷ്ടാവ് ശ്രീമതി. ടെറാഓക മാമിയും പങ്കാളിയായി. 2023 ഓഗസ്റ്റ് 11 വെള്ളിയാഴ്ച രാവിലെ 10:30ന് ഇ.എം.സി. ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച പരിപാടിയിലാണ് ശ്രീമതി. ടെറാഓക മാമി അതിഥിയായി എത്തിയത്. ഗവൺമെന്റ് യു.പി. സ്കൂൾ വെഞ്ഞാറമൂട്, ഗവൺമെന്റ് യു.പി. സ്കൂൾ ഇടനില എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും അധ്യാപകരുമാണ് പരിപാടിയിൽ പങ്കെടുത്തത്. ഇ.എം.സി. രജിസ്ട്രാർ ശ്രീ. സുഭാഷ് ബാബു ബി.വി. ആമുഖ പ്രഭാഷണവും ഇ.എം.സി.യിലെ ഊർജ്ജകാര്യക്ഷമതാ വിഭാഗം ഡിവിഷൻ മേധാവി ശ്രീ. ജോൺസൺ ഡാനിയൽ വിദ്യാലയങ്ങൾക്കുള്ള ഉണർവ്വ് ബോർഡ് വിതരണവും നടത്തി. തുടർന്ന് ശ്രീമതി. ടെറാഓക മാമി വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു. എനർജി ടെക്നോളജിസ്റ്റ് ശ്രീ. കെ. ആർ. രാജീവ് ഊർജ്ജസംരക്ഷണ അവബോധ ക്ലാസ്സ് നയിച്ചു. ഇ.എം.സി. ലൈബ്രറി ആന്റ് ഇൻഫർമേഷൻ ഓഫീസറും ഉണർവ്വ് പരിപാടിയുടെ കോർഡിനേറ്ററുമായ ശ്രീമതി. സിന്ധു എസ്. കുമാർ നന്ദി പറഞ്ഞു. ആഗസ്റ്റ് മാസത്തിൽ ഉണർവ്വ് പരിപാടിയുടെ ഭാഗമായി PHMKM VHSS, പനവൂർ, ഗവൺമെന്റ് യു.പി.എസ്. കോലിയക്കോട്, ഗവൺമെന്റ് യു.പി.എസ്. ആലന്തറ, ഗവൺമെന്റ് എൽ.പി.എസ്. കോക്കോതമംഗലം, ഗവൺമെന്റ് വി.എച്ച്.എസ്.എസ്. വട്ടിയൂർക്കാവ്, ഗവൺമെന്റ് യു.പി. എസ്. വെഞ്ഞാറമൂട്, ഗവൺമെന്റ് യു.പി.എസ്. ഇടനില എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം നൽകി.



ഗവൺമെന്റ് വി.എച്ച്.എസ്.എസ്. വട്ടിയൂർക്കാവിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇ.എം.സി. ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേഷ് കുമാർ എ.എൻ. ഉപഹാരം നൽകുന്നു

# ചെറുകിട ജലവൈദ്യുത പദ്ധതി;

## കേന്ദ്ര അക്ഷയ ഊർജ്ജ മന്ത്രാലയ സെക്രട്ടറിയുമായി ചർച്ച നടന്നു



കേന്ദ്ര അക്ഷയ ഊർജ്ജ മന്ത്രാലയം (MNRE) ചെറുകിട ജലവൈദ്യുത പദ്ധതികൾ (SHP) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി രാജ്യത്തെ ചെറുകിട ജലവൈദ്യുത ഡെവലപ്പർമാരുമായുള്ള കൂടിക്കാഴ്ച 2023 ആഗസ്റ്റ് 9 ന് ഡൽഹിയിലെ അടൽ അക്ഷയ് ഊർജ്ജ ഭവനിൽ വച്ച് സംഘടിപ്പിച്ചു.

MNRE സെക്രട്ടറി ശ്രീ. ഭൂപീന്ദർ സിംഗ് ഭല്ല IAS-ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗത്തിൽ ഇ.എം.സി.യെ പ്രതിനിധീകരിച്ച് ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേശ് കുമാർ എ.എൻ. പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ കേരളത്തിലെ ചെറുകിട ജലവൈദ്യുത മേഖല നേരിടുന്ന വെല്ലുവിളികൾ ശ്രീ. ദിനേശ് കുമാർ എ.എൻ. അവതരിപ്പിച്ചു.

ചെറുകിട ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട് സ്വകാര്യ മേഖലയിൽ നിന്നുള്ള കൺസൾട്ടന്റ് പ്രതിനിധിയും കേരളത്തെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുത്തിരുന്നു.

# എനർജി മീറ്റർ കാലിബ്രേഷൻ ലാബ്

## NABL അക്രഡിറ്റേഷൻ പുതുക്കി

ഇ.എം.സി.യിൽ പ്രവർത്തിക്കുന്ന എനർജി മീറ്റർ കാലിബ്രേഷൻ ലാബിന്റെ ISO/IEC 17025:2017 പ്രകാരമുള്ള NABL അക്രഡിറ്റേഷൻ വിജയകരമായി പുതുക്കി നടപടി പൂർത്തിയാക്കി. 08.06.2023 മുതൽ 07.06.2025 വരെയുള്ള കാലാവധിയിലേക്കാണ് പുതുക്കിയ അക്രഡിറ്റേഷൻ ലഭ്യമായിട്ടുള്ളത്.



# കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ

# ജില്ലാതല ശില്പശാലകൾ പുരോഗമിക്കുന്നു

എനർജി മാനേജ്മെന്റ് സെന്ററും കാർഷിക വികസന കർഷകക്ഷേമ വകുപ്പും ചേർന്ന് അസർ, ഇക്വിനോക്സ് എന്നീ സംഘടനകളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന 'കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ' എന്ന വിഷയത്തിലെ ജില്ലാതല ഏകദിന ശില്പശാലകൾ പുരോഗമിക്കുന്നു.

പത്തനംതിട്ടയിലെ ജില്ലാതല ശില്പശാല 2023 ആഗസ്റ്റ് 3 ന് പത്തനംതിട്ടയിലെ ഹിൽസ് പാർക്ക് ഹോട്ടലിൽ വെച്ച് സംഘടിപ്പിച്ചു. ശില്പശാലയിൽ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ഗീത അലക്സാണ്ടർ അധ്യക്ഷത വഹിച്ചു. ചടങ്ങ് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഓമല്ലൂർ ശങ്കരൻ ഉദ്ഘാടനം ചെയ്തു. ഇ.എം.സി. ഊർജ്ജകാര്യക്ഷമതാ വിഭാഗം തലവൻ ശ്രീ.ജോൺസൺ ഡാനിയൽ സ്വാഗതവും ഇക്വിനോക്സ് എം.ഡി. ഡോ. ജയരാമൻ നന്ദിയും ആശംസിച്ചു.

അതിന്റെ ഭാഗമായി 2023 ആഗസ്റ്റ് 7 ന് തിയതി ആലപ്പുഴയിലെ ഹോട്ടൽ ബൊണാൻസയിൽ വെച്ച് നടന്ന ഏകദിന ശില്പശാല ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ.ജി. രാജേശ്വരി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. അനിത ജെയിംസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റ് ശ്രീ.തോംസൺ സെബാസ്റ്റ്യൻ സ്വാഗതവും അസർ സ്റ്റേറ്റ് ഡയറക്ടർ പ്രിയ പിള്ള നന്ദിയും പ്രകാശിപ്പിച്ചു. രണ്ട് സ്ഥലങ്ങളിലുമായി 250-ലധികം പേർ പങ്കെടുത്തു.



ആലപ്പുഴയിൽ നടന്ന ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ. ജി. രാജേശ്വരി ഉദ്ഘാടനം ചെയ്യുന്നു



പത്തനംതിട്ടയിൽ നടന്ന ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ ഉദ്ഘാടനം ചെയ്യുന്നു

## ശില്പശാലയിൽ പങ്കെടുത്തു




2023 ആഗസ്റ്റ് 25 ന് ഡൽഹിയിലെ ഇൻഡ്യ ഹാബിറ്റാറ്റ് സെന്ററിൽ (IHC) നടന്ന "Leveraging Carbon Finance for Affordable Solar Cooking" എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാലയിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ പങ്കെടുത്ത് സംസാരിച്ചു. ഫിനോവിസ്റ്റ (Finovista), മോഡേൺ എനർജി കുക്കിംഗ് സർവീസസ് (MECS) എന്നിവരുമായി സഹകരിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡാണ് ശിൽപശാല സംഘടിപ്പിച്ചത്.

## കനറാ ബാങ്ക് പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങ്

## ഇ.എം.സി. ഡയറക്ടർ മുഖ്യാതിഥിയായി



കനറാ ബാങ്കിന്റെ ശ്രീകാര്യം ശാഖ ആഗസ്റ്റ് 18 ന് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി. ബാങ്ക് അധികൃതരും ജീവനക്കാരും ചടങ്ങിന്റെ ഭാഗമായി.

### "Energy Conservation Building Code & Eco Niwas Samhita"

# ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു



ആലപ്പുഴയിൽ വച്ച് നടന്ന ഏകദിന പരിശീലന പരിപാടി

**എ**നർജി മാനേജ്മെന്റ് സെന്റർ കേരള (EMC) കേരള ഗവൺമെന്റ് കോൺട്രാക്ടർസ് അസോസിയേഷൻ (KGCA) അസോസിയേഷൻ ഓഫ് എഞ്ചിനീയേഴ്സ് – കേരള എന്നിവയുടെ സഹകരണത്തോടെ 2023 ഓഗസ്റ്റ് 24 ന് "Energy Conservation Building Code & Eco Niwas Samhita" എന്ന വിഷയത്തിൽ ഒരു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. ആലപ്പുഴയിലെ റോട്ടറി ക്ലബ് ഹാളിൽ നടന്ന പരിപാടി ആലപ്പുഴ ജില്ലാ പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. റംല ബീവി ഉദ്ഘാടനം ചെയ്തു. EMC യിലെ എനർജി ടെക്നോളജിസ്റ്റ് ശ്രീ. ടോംസൺ സെബാസ്റ്റ്യൻ സ്വാഗതം ആശംസിക്കുകയും KGCA പ്രസിഡന്റ് ശ്രീ. വർഗീസ് കണ്ണമ്പള്ളി നന്ദി പ്രകാശിപ്പിക്കുകയും ചെയ്ത ചടങ്ങിൽ ഇ എം സി യിൽ പ്രവർത്തിക്കുന്ന ബിൽഡിങ് സെല്ലിലെ പ്രോജക്ട് ഓഫീസർ ശ്രീ. സരുൺ കുമാർ കെ.പി.യും സന്നിഹിതനായിരുന്നു.

ഇ.എം.സി. എംപാനൽ ചെയ്തിട്ടുള്ള ബിൽഡിങ് എനർജി എഫിഷ്യൻസി എക്സ്പെർട് (BEEE) ശ്രീ. മനു മോഹൻ തിരുവമ്പാടി നയിച്ച പരിശീലനത്തിൽ നൂറോളം പ്രതിനിധികൾ പങ്കെടുത്തു.




## ഇ.എം.സി. ഓണാഘോഷം 2k23



ആഗസ്റ്റ് 15 ന് കോവളത്തെ ലഗൂണ ബീച്ച് റിസോർട്ടിൽ സംഘടിപ്പിച്ച ഇ.എം.സി.യുടെ ഓണാഘോഷ പരിപാടിയിൽ നിന്നും

## തൃശ്ശൂരിലെ എം.എസ്.എം.ഇ. ഫർണിച്ചർ ക്ലസ്റ്ററിൽ എനർജി ഓഡിറ്റ് റിപ്പോർട്ട് അവതരണവും ചർച്ചയും

**എം.**എസ്.എം.ഇ. (MSME) മേഖലയിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി, തൃശ്ശൂരിൽ പ്രവർത്തിക്കുന്ന MSME ഫർണിച്ചർ ക്ലസ്റ്ററിൽ ഇ.എം.സി. നടത്തിയ ഊർജ്ജ ഓഡിറ്റുകളുടെ റിപ്പോർട്ട് അവതരണവും തുടർന്നുള്ള ചർച്ചയും 2023 ഓഗസ്റ്റ് 10 ന് തൃശ്ശൂർ ട്രഡീഷണൽ ഫർണിച്ചർ ക്ലസ്റ്റർ ചെവൂർ പ്രൈവറ്റ് ലിമിറ്റഡിൽ നടന്നു. ചടങ്ങിൽ ത്രിശ്ശൂർ ട്രെഡീഷണൽ ഫർണിച്ചർ ക്ലസ്റ്റർ ചെവൂർ പ്രൈവറ്റ് ലിമിറ്റഡിന്റെ ചെയർമാൻ ശ്രീ. വിൻസെന്റ് എം. ജെ. അധ്യക്ഷത വഹിച്ചു. ഇ.എം.സി.യിലെ ഊർജ്ജ കാര്യക്ഷമതാ വിഭാഗം മേധാവി ശ്രീ. ജോൺസൺ ഡാനിയൽ ഉദ്ഘാടനം ചെയ്തു. യോഗത്തിന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി വീഡിയോ വഴി സന്ദേശം നൽകി. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകളുടെ



ഇ.എം.സി. ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ശ്രീ. ജോൺസൺ ഡാനിയൽ ഉദ്ഘാടനം ചെയ്യുന്നു

അവതരണം ആതുൽ എനർജി കൺസൾട്ടന്റ്സ് ലിമിറ്റഡിൽ നിന്നുള്ള ശ്രീ. അശോക് കെ.എം.പി. നിർവഹിച്ചു. തുടർന്ന് എനർജി ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സമഗ്രമായ ചർച്ച നടന്നു. തൃശ്ശൂരിലെ വിവിധ എം.എസ്.എം.ഇ. ഫർണിച്ചർ യൂണിറ്റുകളിൽ നിന്നുള്ള 35 ൽ അധികം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256